# ജ്യോതിശാസ്ത്രം

## വാരഫലം

സമ്പാദകൻ: ജോയിക്കുട്ടി, ഡിട്രോയിറ്റ്

ജനനം നടക്കുന്ന ദിവസത്തെ ആസ്പദമാക്കി പൊതുവായ വാരഫലമാണ് ഇവിടെ ചേർക്കുന്നത്. ലോകത്തിന്റെ ഏതു ഭാഗത്തു ജനനം നടന്നാലും ആയത് കേരളത്തിന്റെ സമയത്തെ കണക്കാക്കി വേണം ഈ ഫലങ്ങൾ തിരിച്ചറിയേണ്ടത്. രാത്രി പന്ത്രണ്ടു മണികഴിഞ്ഞാൽ പുതിയ ദിവസം തുടങ്ങി എന്ന കണക്കിൽ വേണം കണക്കു തുടങ്ങേണ്ടത്.

### ഞായർ

ഞായർ ദിവസം ജനിക്കുന്ന ഒരു പൈതൽ:
നീണ്ടുയർന്ന ശരീരം, വൃത്താകാരമായ മുഖം, തേജസുള്ള കണ്ണുകൾ ഇവ പ്രത്യേകതകളാണ്. ശ്വാശ്രയശീലരും സ്വാതന്ത്ര്യ പേമികളുമാണ്. സുഹൃത്തുക്കൾ പൊതുവേ കുറഞ്ഞിരിക്കും. സതീർത്ഥ്യരെ ഗാഢമായി സ്നേഹിക്കുകയും അവർക്കു വേണ്ടി എന്തു ത്യാഗവും അനുഷ്ഠിക്കുവാൻ തയാറാകുകയും ചെയ്യും. മനപ്പൂർവ്വം ആരേയും ദ്രോഹിക്കാറില്ല. എന്നാൽ ശത്രുക്കളെ എന്തു ക്ലേശം സഹിച്ചും നിലം പതിപ്പിക്കുവാൻ ശ്രമിക്കും. മുൻകോപവും നിബ്ബന്ധശീലവും ഉണ്ടായിരിക്കും. കോപത്തിന്റെ മുൻപിൽ ഇവർ പലപ്പോഴും വിവേകശൂന്യരായി പ്രത്യക്ഷപ്പെടാറുണ്ട്. ദാമ്പത്യജീവിതം സന്തോഷപ്രദമായിരിക്കും. സന്താനങ്ങൾ കുറഞ്ഞിരിക്കും.

### തിങ്കൾ

തിങ്കളാഴ്ച ജനിച്ചവർ പൊതുവേ സുശീലരും സ്ത്രീ സഹജമായ സ്വഭാവത്തോടു കൂടിയവരും സുകുമാരകലാജ്ഞാനമുള്ളവരും സുഖജീവിതം കാംക്ഷിക്കുന്നവരുമാണ്. ഉയർന്ന നെറ്റി, വിശാലമായ മാറ്വിടം, വൃത്താകാരമായ മുഖം, വലിയ കണ്ണുകൾ ഇവ ഇവരുടെപ്രത്യേകതകളാണ്. വികാരങ്ങൾക്കും സാഹചര്യങ്ങൾക്കും ഇവർ പെട്ടെന്ന് വശംവദരാകും. സഞ്ചാരത്തിലും ഗ്രന്ഥപാരായണത്തിലും താല്പര്യമായിരിക്കും. നല്ല ബുദ്ധിശക്തിയും കല്പനാവൈഭവും ഉണ്ടായിരിക്കും. നിവൃത്തിയുള്ളിടത്തോളം സത്യസന്ധമായും ആത്മാർത്ഥമായും പെരുമാറും. നിസ്വാർത്ഥതയും ഉല്പതിഷ്ണുതയും അപ്പ്ണാമനോഭാവവും ഉള്ളതിനാൽ പ്രവർത്തനങ്ങളിലെല്ലാം വിജയം കൈവരും. സാമ്പത്തികമായി കൂടെ കൂടെ വൃദ്ധിക്ഷയങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. മറ്റുള്ളവരിൽ വിശ്വാസം അർപ്പിക്കേണ്ടി വരുന്ന എല്ലാ സംഗതികളിലും ഇവർ പ്രത്യേകം ജാഗരൂകരായിക്കേണ്ടതാണ്.

### ചൊവ്വ

ഈ ദിവസം ജനിച്ചവർ: കൃശഗാത്രരും, മുഖസൗന്ദര്യം കുറഞ്ഞവരും നല്ല കായബലമുള്ളവരുമായിരിക്കും. നല്ല ബുദ്ധിശക്തിയും ധാരണാ വൈഭവും ഉണ്ടായിരിക്കും. സ്വതന്ത്രശീലരുംനിബ്ദ്ധബുദ്ധിയും ഇവരുടെകൂടെപ്പിറപ്പാണ്. ഗുണദോഷോപദേശങ്ങൾ തീരെ ഇഷ്ടപ്പെടാത്തവരാണ്. സ്വഹിതമനുസരിച്ച് എല്ലാ കാര്യങ്ങൾക്കും പരിഹാരം കണ്ടെത്താനാണ് ഇവർ ശ്രമിക്കുന്നത്. ഏറ്റെടുത്ത ജോലികൾ സത്യസന്ധമായി കൃത്യ സമയത്ത് ചെയ്തു തീർക്കും. നേതൃത്വം വഹിക്കുന്നതിൽ വലിയ താല്പര്യം കാണിക്കും. അനിഷ്ടമായ കാര്യങ്ങൾ ശ്രവിച്ചാൽ പെട്ടെന്ന് ക്ഷുഭിതരാകും. ഏതു വിഷമസന്ധിയിലും സ്വന്തം ദുഃഖങ്ങൾ അന്യരുടെ മുമ്പിൽ അവതരിപ്പിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കും. വൈരാഗ്യം വന്നാൽ സാഹസപ്രവർത്തികൾക്കുമുതിരും. കുടുംബജീവിതത്തിൽ സുഖവും സമാധാനവും കുറഞ്ഞിരിക്കും. അഗ്നിയിലും ആയുധത്തിലും ആപത്തുകൾ സംഭവിക്കാവുന്നതാണ്.

### ബുധൻ

ബുധനാഴ്ച ജനിച്ചവർക്ക് സൗന്ദര്യം, സൽസ്വഭാവം, സംഭാഷണ ചാതുര്യം ഇവ ഉണ്ടായിരിക്കും. അന്യരുടെ സ്വത്തുകൊണ്ടും, സഹായം കൊണ്ടുമാണ് ഇവരിൽ പലരും ഉയർച്ചയെ പ്രാപിക്കുന്നത്. എല്ലാവരോടും സഹകരിക്കുന്ന സ്വഭാവക്കാരാണ്.എങ്കിലും തന്നെക്കൊണ്ടു സാധിക്കാത്ത കാര്യങ്ങൾ ഒന്നുമില്ല എന്നൊരു അഹംഭാവം ഇവരിൽ നൈസർഗ്ഗികമായി കണ്ടു വരുന്നു. സാമാന്യമായി എല്ലാ വിഷയങ്ങളിലും ജ്ഞാനം സമ്പാദിക്കും. ഉന്നതവ്യക്തികളുമായി സമ്പർക്കം പുലർത്തും. സംഭാഷണപ്രിയരും ഹാസ്യരസപ്രധാനികളുമാണ്. സഹോദരങ്ങളിൽ നിന്ന് പറയത്തക്ക ഗുണാനുഭവങ്ങൾ ഉണ്ടാകുന്നതല്ല. ധനസമ്പാദനത്തിൽ സമർത്ഥരും ജീവിതകാലം മുഴുവനും യുവത്വം നീണ്ടു നിൽക്കുന്നവരുമാണ്. കുടുംബജീവിതം ആദർശപരമായിരിക്കും. ഈശ്വരവിശ്വാസത്തിലും മതാനുഷ്ഠാനങ്ങളിലും ഇവർ മുമ്പന്തിയിൽ നിൽക്കുന്നു

### വ്യാഴം

വ്യാഴാഴ്ച ജനിച്ചവർ മറ്റുള്ളവർക്ക് ബഹുമാനം ജനിപ്പിക്കത്തക്ക വിധം സ്വഭാവശുദ്ധിയും വ്യക്തിമഹത്വവും ആദർശധീരതയും ഉള്ളവരാണ്. മിക്കവാറും എല്ലാ ശാസ്ത്രങ്ങളിലും കലകളിലും അറിവു സമ്പാദിക്കും. സരസമായ സംഭാഷണവും അനല്പമായ ഭീരുതവും വിശാലമനഃസ്ഥിതിയും ഇവരിൽ നൈസർഗ്ഗികമായി കാണാം. സത്യസന്ധരും ഈശ്വരവിശ്വാസികളും സത്വഗുണപ്രധാനികളുമാണ്. ആരോടും അങ്ങോട്ടു കയറിച്ചെന്ന് പരിചയപ്പെടുന്ന സ്വഭാവമില്ല. അന്യരെ സഹായിക്കുമെങ്കിലും അവരിൽ നിന്ന് പറയത്തക്ക ഗുണാനുഭവങ്ങൾ ഇവർക്ക് ലഭിക്കുകയില്ല. ആദർശപരമായ ഒരു എളിയ ജീവിതം നയിക്കുവാനാണ് ഇവർ ആഗ്രഹിക്കുന്നത്. അസന്മാർഗ്ഗികമായ പ്രവർത്തികളും അക്രമവും അങ്ങേയറ്റം വെറുക്കുന്നു. പണസമ്പാദനത്തിൽ വലിയ താല്പര്യം പ്രകടിപ്പിക്കാറില്ല. ജ്ഞാനസമ്പാദനത്തിൽ ഉത്സുകരായിരിക്കും. ആരോഗ്യസംരക്ഷണത്തിലും കൃത്യനിഷ്ഠയിലും പ്രത്യേക ശ്രദ്ധ കേന്ദ്രീകരിക്കും.

### വെള്ളി

വെള്ളിയാഴ്ച ജനിച്ചവർ സുമുഖരും ശൃംഗാരരസികരും സ്ത്രീകളെ വശീകരിക്കുവാൻ പ്രത്യേക സാമർത്ഥ്യമുള്ളവരുമാണ്. ശാന്തരും സൗമ്യസ്വഭാവികളുമായിരിക്കും. ശ്രേഷ്ഠന്മാരായ സുഹൃത്തുക്കളുംബന്ധുക്കളുമുണ്ടാകും. കാര്യങ്ങളുടെ യഥാർത്ഥ്യം മനസ്സിലാക്കാതെ ഇവർ ചിലപ്പോൾ കോപിക്കാറുണ്ട്.

അന്യായമായ പ്രവർത്തികളും വചനങ്ങളും അങ്ങേയറ്റം വെറുക്കുന്നു. മദ്ധ്യസ്ഥ വഹിച്ച് കലഹങ്ങൾ ഒഴിവാക്കാനും വിരോധികളെ സ്നേഹിതരാക്കാനും തന്ത്രപൂർവ്വം പരിശ്രമിക്കും. രാഷ്ട്രീയത്തിലും പൊതു പ്രവർത്തനങ്ങളിലുമെല്ലാം ശ്രദ്ധ പതിയും.സുഖജീവതത്തിൽ താല്പര്യമുള്ളവരാണ്. അതിനു പറ്റിയ പങ്കാളിയെ ലഭിക്കും. വസ്ത്രാഭരണങ്ങളിൽ വലിയ ഭ്രമമുള്ളവരാണ്. വ്യവസായങ്ങളിലും വ്യാപാരങ്ങളിലും ഇവർ വിജയിക്കാറുണ്ട്. സന്താനങ്ങളെല്ലാം ഉയർന്ന നിലയിലെത്തും. വാഗ്ദാനങ്ങൾ നിറവേറ്റുന്നതിൽ ഇവർ പലപ്പോഴും പരാജയപ്പെടുന്നു.

# ശനി

ശനിയാഴ്ചജനിച്ചവർ അലസരും ദുഃഖിതരും പീഡിതരുമാണ്. ഇവർ പല അപകടങ്ങളിലും ചെന്നു ചാടും. മറ്റുള്ളവരുടെ അഭിപ്രായങ്ങൾ മാനിക്കുമെങ്കിലും പ്രവർത്തനമെല്ലാം സ്വഹിതാനുസരണമായിരിക്കും. കഷ്ടപ്പാടുകളുടേയും അപവാദങ്ങളുടേയും രോഗദുരിതങ്ങളുടേയും നടുവിൽ കിടന്നുകൊണ്ടുള്ള ഒരുഗ്ര പോരാട്ടത്തിനു ശേഷമാണ് ഇവർക്ക് സുഖവും സമാധാനവും കൈവരുന്നത്. അയൽവാസികളുടേയും ബന്ധുക്കളുടേയും അപ്രീതിക്കു പാത്രമാകും. ലഹരിപദാർത്ഥങ്ങൾ അമിതമായി ഉപയോഗിക്കും. ആഭിചാരകർമ്മങ്ങളിലും ക്ഷുദ്രപ്രയോഗങ്ങളിലും വലിയ വിശ്വാസമായിരിക്കും. ശത്രുക്കളിൽ നിന്ന് പലവിധത്തിലുള്ള ഉപദ്രവങ്ങളുണ്ടാകും.